പ	ഒ
9	3
−	3	6

ബാക്കി തുക കണ്ടുപിടിക്കുക.

നിന്റെ കൈവശമുള്ള തുക	ചെലവാക്കിയ തുക	ബാക്കി തുക
		പ ഒ −
		പ ഒ −
		പ ഒ −

പരിശീലിച്ച് നോക്കാം

മുത്തുമാല ഉപയോഗപ്പെടുത്തി കുറച്ച് എഴുതുക.

32 - 7 = 25



24 - 9 =

32 - 8 =

41 - 6 =

മുത്തുമാല ഉപയോഗപ്പെടുത്തി കുറച്ച് എഴുതുക.

35 - 16 = 19



40 - 26 =

38 - 19 =

40 - 27 =

പരിശീലിച്ച് നോക്കാം

സംഖ്യാരേഖ ഉപയോഗപ്പെടുത്തി കുറച്ച് എഴുതുക.

26 - 9 = 17



25 - 8 = ____



26 - 7 = ____



30 - 21 = 9



25 - 14 = ____



29 - 25 = ____



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

സംഖ്യാരേഖ നിരീക്ഷിച്ച് കുറയ്ക്കൽ പ്രസ്താവന പൂർത്തിയാക്കുക.

28 - 16 = 12



26 - ____ = ____



പരിശീലിച്ച് നോക്കാം

കുറച്ച് എഴുതുക

പ	ഒ
8	13
~~9~~	~~3~~
3	6
5	7

പ	ഒ
6	5
2	8

പ	ഒ
7	0
2	6

പ	ഒ
8	2
3	4

പ	ഒ
6	3
3	4

പ	ഒ
7	2
3	6

പ	ഒ
8	4
1	8

പ	ഒ
7	1
3	2

പ	ഒ
5	1
2	6

പ	ഒ
9	8
2	9

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ



രണ്ടുവശവും തുല്യമാക്കി ബോട്ട് ജലത്തിൽ ഓടിക്കാൻ ബാലികയെ സഹായിക്കുക.



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. ഒരു കടയിൽ 42 ആപ്പിളുകൾ ഉണ്ടായിരുന്നു അതിൽ 18 ആപ്പിളുകൾ വിറ്റുപോയി എങ്കിൽ ബാക്കിയുള്ള ആപ്പിളുകൾ എത്ര?



	പ	ഒ
−		

2. ഒരു വായനശാലയിൽ 53 കഥാപുസ്തകങ്ങൾ ഉണ്ടായിരുന്നു. അവയിൽ 27 പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി എങ്കിൽ ബാക്കി ഉള്ള കഥാപുസ്തകങ്ങൾ എത്ര?



	പ	ഒ
−		

3. ക്രിക്കറ്റ് കളിയിൽ അരുൺ 61 റൺസും ബാല 37 റൺസും എടുത്തു. അരുണിനേക്കാൾ എത്ര റൺസ് കുറവാണ് ബാല എടുത്തത്?



	പ	ഒ
−		

4. ഒരു ബസ്സിൽ 45 യാത്രക്കാർ ഉണ്ടായിരുന്നു അവരിൽ 28 യാത്രക്കാർ ഇറങ്ങി എങ്കിൽ ബാക്കിയുള്ള യാത്രക്കാർ എത്രപേർ?



	പ	ഒ
−		

പഠനയാത്ര

താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. മുത്തുകൾ ഉപയോഗപ്പെടുത്തി കുറച്ച് എഴുതുക.

പ	ഒ
6	5
− 2	8

2. കുറച്ച് എഴുതുക.

പ	ഒ
7	2
− 2	6

3. മുത്തുമാല ഉപയോഗപ്പെടുത്തി കുറച്ച് എഴുതുക.

45 - 18 = ☐

4. സംഖ്യാരേഖ ഉപയോഗപ്പെടുത്തി കുറച്ച് എഴുതുക.

26 - 19 = ☐



5. ഒരു പരിപാടിക്ക് 85 പേർ വന്നിരുന്നു. അവരിൽ 27 പേർ പുരുഷന്മാർ എങ്കിൽ സ്ത്രീകൾ എത്രപേർ?



പ	ഒ
−	

ഞാൻ പഠിച്ചവ

99 വരെയുള്ള സംഖ്യകളുടെ (സ്ഥാനമാറ്റത്തോടുകൂടിയ) കുറയ്ക്കൽ





വഴിക്കണക്കുകൾക്ക് ഉത്തരം കണ്ടുപിടിക്കൽ





ഞാൻ ചെയ്യും

താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുക.

1. ചിത്രം നിരീക്ഷിച്ച് വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.



_____ തവണ _____ എന്നത് _____

2. ആവർത്തന കൂട്ടൽ പ്രസ്താവന രൂപത്തിൽ എഴുതി തുക കണ്ടെത്തുക



☐ + ☐ + ☐ + ☐ + ☐ = ☐

3. കനമുള്ള വസ്തുവിനെ 'കൂ' എന്നും കനം കുറഞ്ഞ വസ്തുവിനെ 'കു' എന്നും രേഖപ്പെടുത്തുക.





4. കുറച്ച് എഴുതുക

	ദ	ഒ
	6	2
-	2	8

5. സീതയുടെ പക്കൽ 45 മിഠായികൾ ഉണ്ടായിരുന്നു. അതിൽ 16 മിഠായികൾ കൂട്ടുകാർക്ക് കൊടുത്താൽ അവളുടെ പക്കൽ ഇനി എത്ര മിഠായികൾ ബാക്കിയുണ്ടാകും?



	ദ	ഒ
-		

ഞാൻ ചെയ്യും

6. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.



i) പൂച്ചട്ടികളിലുള്ള പൂക്കൾ ആകെ എത്ര?

ii) 10 നെ എത്ര പ്രാവശ്യം കൂട്ടിയാൽ 50 ലഭിക്കും?

iii) ഒരു ലഘു തുലാസിന്റെ ഒരു തട്ടിൽ പൂശണിക്കയും മറ്റൊരു തട്ടിൽ ഉരുളക്കിഴങ്ങും വച്ചാൽ ഏത് കായ് വച്ചിരിക്കുന്ന തട്ടാണ് താഴേക്ക് പോകുക?

iv) 18 ൽ നിന്നും 35 നെ കുറയ്ക്കാൻ സാധിക്കുമോ? കാരണം പറയുക.

v) ഒരു ക്ലാസിൽ ഉള്ള 40 വിദ്യാർഥികളിൽ 20 പേർ ആൺകുട്ടികൾ എങ്കിൽ, പെൺകുട്ടികൾ എത്ര പേർ?

7. തെറ്റ് കണ്ടുപിടിച്ച് പറയുക.

പ	ഒ
2	
8	6
− 3	8
5	2

പ	ഒ
6	0
− 1	7
5	7

പ	ഒ
	12
7	~~2~~
− 3	5
4	7

പ	ഒ
9	1
− 8	
1	1

പ	ഒ
7	
~~8~~	2
−	7
8	5

പ്രോജക്ട്

8. 24 തുകയായി ലഭിക്കുന്ന തുടർ കൂട്ടൽ പ്രസ്താവനകൾ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക.

_____ = 24

_____ = 24

_____ = 24

_____ = 24

_____ = 24

9. 30 ഉത്തരമായി ലഭിക്കുന്ന കുറയ്ക്കൽ പ്രസ്താവനകൾ ഏതെങ്കിലും അഞ്ച് എണ്ണം എഴുതുക.

_____ = 30

_____ = 30

_____ = 30

_____ = 30

_____ = 30

പഠനയാത്ര

99 വരെയുള്ള (സ്ഥാന മാറ്റത്തോടുകൂടിയ) സംഖ്യകളുടെ കുറയ്ക്കൽ.

ലഘു തുലാസ് ഉപയോഗപ്പെടുത്തി വസ്തുക്കളുടെ ഭാരം താരതമ്യം ചെയ്യൽ.

തുക 99 ൽ കവിയാതെയുള്ള (സ്ഥാനമാറ്റത്തോടുകൂടിയ) സംഖ്യകളുടെ കൂട്ടൽ.

ആകൃതികൾ സൃഷ്ടിക്കൽ, തരംതിരിക്കൽ.

99 വരെയുള്ള സംഖ്യകൾ മനസ്സിലാക്കൽ, താരതമ്യം ചെയ്യൽ.



രണ്ടാം ക്ലാസ്സ്
ഘട്ടം II
പരിസര പഠനം

മുഖവുര

തമിഴ്നാട് സർക്കാരിന്റെ സംസ്ഥാന വിദ്യാഭ്യാസ നയം (TNSEP) 2025ന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ശാസ്ത്രത്തിന്റെ പാഠപുസ്തകം രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഈ പാഠപുസ്തകം വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പര്യവേഷണം ചെയ്ത് മനസ്സിലാക്കുന്ന രീതിയിൽ പഠനത്തിന് പ്രാധാന്യം നൽകിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ



നിരീക്ഷിച്ച് ചർച്ച ചെയ്യാം

ചിത്രങ്ങൾ ജീവിതസാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതുമൂലം നിരീക്ഷണപാഠവം, ചോദ്യംചോദിക്കൽ, താരതമ്യം ചെയ്യൽ, പ്രകടനശേഷി മുതലായവ വികസിപ്പിക്കൽ.



ചെയ്ത് പഠിക്കാം

ലളിതമായ പ്രവർത്തനങ്ങളിലൂടെ പര്യവേഷണം, സർഗ്ഗാത്മകത, വൈജ്ഞാനികശേഷി, അളക്കൽ, രേഖപ്പെടുത്തൽ മുതലായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തൽ.



ചെയ്ത് നോക്കാം

ലളിതമായ പരീക്ഷണങ്ങളിലൂടെ അനുമാനം, നിരീക്ഷണം, കാരണമറിയൽ, നിഗമനങ്ങളിൽ എത്തിച്ചേരൽ മുതലായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തൽ.



പ്രവർത്തന സമയം

വിനോദം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ മുതലായവയിലൂടെ പര്യവേഷണം, സഹകരണം, പ്രകടനശേഷി മെച്ചപ്പെടുത്തൽ.

രണ്ടാം ഘട്ടപാഠപുസ്തകത്തിലെ രണ്ട് യൂണിറ്റുകളിലും പ്രോഗ്രസീവ് ലേണിംഗ് (Progressive Learning വളർച്ചാധിഷ്ഠിത പഠനം) രീതിയാണ് പിന്തുടർന്നിരിക്കുന്നത്.

1. സസ്യങ്ങളുടെ ലോകം



- വിത്തുകളിൽ നിന്നും മറ്റ് സസ്യഭാഗങ്ങളിൽ നിന്നും സസ്യങ്ങൾ എങ്ങനെ വളരുന്നു എന്ന് അന്വേഷിച്ചറിയൽ.
- നിരീക്ഷണ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ സസ്യങ്ങളെ തരംതിരിക്കൽ.
- ഇലകളുടെ പ്രത്യേകതകളും ഉപയോഗങ്ങളും മനസ്സിലാക്കൽ.
- പൊതുവായ സസ്യ ഉൽപ്പന്നങ്ങളെ തിരിച്ചറിയൽ.
- സസ്യങ്ങളെ പരിപാലിക്കുന്ന ശീലം വളർത്തിയെടുക്കൽ.

2. നമ്മുടെ ഭക്ഷണം



- സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന ഭക്ഷണസാധനങ്ങൾ തിരിച്ചറിഞ്ഞ് തരംതിരിക്കൽ.
- ഭക്ഷണത്തിലെ ഘടകങ്ങളെ അതത് ഭക്ഷണവുമായി ബന്ധപ്പെടുത്തൽ.
- വയലിൽ നിന്ന് പാത്രത്തിലേക്കുള്ള ഭക്ഷണത്തിന്റെ യാത്ര മനസ്സിലാക്കൽ.
- ആരോഗ്യകരമായ ഭക്ഷണം തിരഞ്ഞെടുത്ത് പോഷകഗുണമുള്ള ലഘുഭക്ഷണങ്ങൾ (Snacks) തയ്യാറാക്കൽ.
- ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളും ഉത്തരവാദിത്തത്തോടെ ഭക്ഷണം ഉപയോഗിക്കുന്ന രീതിയും പിന്തുടരൽ.

മൂല്യനിർണ്ണയം, ബോധന മുന്നേറ്റത്തിന് സഹായിക്കുന്നവ



പഠന യാത്ര

നിരീക്ഷണപരവും പ്രവർത്തനപരവുമായ ലളിതമായ ചോദ്യങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഗ്രാഹ്യശേഷി വിലയിരുത്തപ്പെടുന്നു. ഇത് പഠനപുരോഗതിയും കൂടുതൽശ്രദ്ധ ആവശ്യമുള്ള മേഖലകളും തിരിച്ചറിയാൻ സഹായിക്കുന്നു.



ഞാൻ പഠിച്ചവ

വിദ്യാർത്ഥികൾ പഠിച്ച പ്രധാന ആശയങ്ങൾ ഓർമ്മിക്കാനും അവയെക്കുറിച്ച് ചിന്തിക്കാനും സഹായിക്കുന്നു. കൂടാതെ പഠന അവലോകനത്തിനും പ്രചോദനത്തിനും, സഹായകമാകുന്നു



ഞാൻ ചെയ്യും

ലളിതമായ വാമൊഴി, വരമൊഴി പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പഠിച്ചതിനെ പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകി വിദ്യാർത്ഥികളുടെ ആത്മവിശ്വാസത്തെയും, സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു.

ഈ പാഠപുസ്തകം ശാസ്ത്രത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പഠനം രസകരമാക്കി അർത്ഥം ഉൾക്കൊണ്ട് പഠിക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ വിദ്യാർത്ഥികളുടെ മൂല്യങ്ങളും, നൈപുണ്യങ്ങളും വികസിപ്പിക്കാൻ അവസരം നൽകുന്നതിലൂടെ അവരുടെ സമഗ്ര വികസനത്തിന് സഹായകമാകുന്നു. ഇത് വിദ്യാർത്ഥികളെ ഉത്സാഹഭരിതരായ പഠിതാക്കളായും, സമൂഹത്തിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളായും വളർത്തിയെടുക്കാൻ സഹായകമാകുന്നു.

ഉള്ളടക്കം



യൂണിറ്റ് - 1
സസ്യങ്ങളുടെ ലോകം

69

യൂണിറ്റ് - 2
നമ്മുടെ ഭക്ഷണം

92



QS8RH e-book

MG5PG Inclusive book

IC6YA THB

AW4SI Assessment

1 സസ്യങ്ങളുടെ ലോകം

വിത്തു മുതൽ വിത്തു വരെ

SR5ZN

നിരീക്ഷിച്ച് ചർച്ച ചെയ്യാം



അധ്യാപക കുറിപ്പ്

വിത്തു മുതൽ വിത്തു വരെയുള്ള യാത്രയെക്കുറിച്ച് കുട്ടികളുമായി ചർച്ച ചെയ്യുക.

ചെയ്ത് നോക്കാം

വിത്തുകൾ എങ്ങനെയാണ് വളരുന്നത്? എല്ലാ വിത്തുകളും ഒരുപോലെയാണോ വളരുന്നത്? നമുക്ക് കണ്ടെത്താം.

1. മൂന്ന് സുതാര്യമായ പ്ലാസ്റ്റിക് / കണ്ണാടി കപ്പുകൾ എടുക്കുക



അ ആ ഇ

2. അവയിൽ മണ്ണ് നിറയ്ക്കുക.



അ ആ ഇ

3. ഉലുവ, കൊത്തമല്ലി, കടുക് എന്നീ വിത്തുകൾ മണ്ണിൽ വിതയ്ക്കുക..



അ ആ ഇ

4. അവയ്ക്ക് വെള്ളമൊഴിക്കുക.



അ ആ ഇ

5. അവ സൂര്യ പ്രകാശമുള്ളിടത്ത് വയ്ക്കുക.



അ ആ ഇ

നിരീക്ഷിച്ച് കുറിക്കുക

1. ഏത് കപ്പിലുള്ള വിത്താണ് ആദ്യം മുളച്ചത്? _____
2. ഉലുവ വിത്ത് മുളയ്ക്കുന്നതിന്റെ ഓരോ ഘട്ടവും നിങ്ങൾ നിരീക്ഷിച്ച ദിവസം എഴുതുക.



വിത്ത്	വേര് പുറത്തുവരുന്നു	കാണ്ഡം മുകളിലേക്ക് വളരുന്നു	ആദ്യ ഇലകൾ തളിരിടുന്നു	തളിർ സസ്യം
ദിവസം 1	ദിവസം ___	ദിവസം ___	ദിവസം ___	ദിവസ ___

വ്യത്യസ്ത വിത്തുകൾ വ്യത്യസ്ത സമയങ്ങളിൽ മുളയ്ക്കുന്നു.



ചെയ്ത് പഠിക്കാം

പദ ശേഖരം: വിത്ത്, വേര് പുറത്തുവരുന്നു, കാണ്ഡം മുകളിലേക്ക് വളരുന്നു, ആദ്യ ഇലകൾ തളിർക്കുന്നു, തളിർ സസ്യം

1 വിത്തിൽ നിന്നും തളിർ സസ്യം രൂപപ്പെടുന്നത് വരെയുള്ള ചെടിയാകുന്നതുവരെയുള്ള ഘട്ടങ്ങൾ വരച്ച് പേരുകൾ അടയാളപ്പെടുത്തുക.

2. വിത്തുകൾ കൊണ്ടുള്ള ബാൻഡ്തയ്യാറാക്കുക.

1. ഒരു കഷണം കടലാസ് എടുക്കുക.
2. മാവു കൊണ്ടുണ്ടാക്കിയ പശ ഉപയോഗിച്ച് അതിൽ വിത്തുകൾ ഒട്ടിക്കുക.
3. വിത്തു കൊണ്ടുള്ള ബാൻഡ് കയ്യിൽ ധരിക്കുക.
4. വിത്തുകൾ മണ്ണിൽ വിതയ്ക്കുക.






നിരീക്ഷിച്ച് ചർച്ച ചെയ്യാം

പഴങ്ങളും പച്ചക്കറികളും നിരീക്ഷിച്ച് നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.



പഴം / പച്ചക്കറിയുടെ പേര്	വിത്തുകൾ ഉണ്ടോ? (ഉണ്ട് / ഇല്ല)	ഒറ്റ വിത്തോ / ധാരാളം വിത്തുകളോ?	വിത്തുകൾ എവിടെയാണ് കാണപ്പെടുന്നത്? (മധ്യത്തിൽ / വ്യാപകമായി)	വിത്തിന്റെ നിറം	ഘടന (കഠിനമായത് / മൃദുവായത്)
സപ്പോട്ട	ഉണ്ട്	ധാരാളം	മധ്യത്തിൽ	കറുപ്പ്	കഠിനമായത്

അധ്യാപക കുറിപ്പ്

വിവിധതരം പഴങ്ങളും പച്ചക്കറികളും ക്ലാസ്സിൽ കൊണ്ടുവരിക. അവയുടെ വിത്തുകൾ നിരീക്ഷിക്കാനും താരതമ്യം ചെയ്യാനും കുട്ടികളെ സഹായിക്കുക.

ചെയ്ത് പഠിക്കാം

1. പഴങ്ങൾക്ക് നിറം നൽകുക.



തണ്ണിമത്തൻ പപ്പായ മാമ്പഴം ഓറഞ്ച് വാഴപ്പഴം

2. വിത്തുകൾ വരയ്ക്കുക



കുട്ടി ആനയും വിവിധതരം ചെടികളും

നിരീക്ഷിച്ച് ചർച്ച ചെയ്യാം



1 അപ്പു, പുൽച്ചെടിയുടെ അടുത്തേക്ക് ചെന്നു.





2 അപ്പു, തുളസിച്ചെടിയുടെ അടുത്തേക്ക് ചെന്നു.





HS1YY

3 **അപ്പു, ചെമ്പരത്തിയുടെ അടുത്തേക്ക് ചെന്നു.**

ഞാനൊരു കുറ്റിച്ചെടിയാണ്. ഞാൻ ഇടത്തരം ഉയരത്തോടെ വളരുന്നു. എന്റെ കാണ്ഡം കട്ടിയുള്ളതാണ്. നിലത്തിന് തൊട്ടുമുകളിൽ എനിക്ക് ധാരാളം ശാഖകളുണ്ട്. എനിക്ക് നിന്നെ സഹായിക്കാൻ കഴിയില്ല.

4 **അപ്പു, പാവൽ ചെടിയുടെ അടുത്തേക്ക് ചെന്നു.**

ഞാൻ ഒരു വള്ളിച്ചെടിയാണ്.. എന്റെ കാണ്ഡം മെലിഞ്ഞതാണ്. എനിക്ക് സ്വയം നിവർന്നുനിൽക്കാൻ കഴിയില്ല. കയറിപ്പടരാൻ എനിക്ക് ഒരു താങ്ങ് വേണം. എനിക്ക് നിന്നെ സഹായിക്കാൻ കഴിയില്ല.

5 **അപ്പു, മത്തൻ ചെടിയുടെ അടുത്തേക്ക് ചെന്നു.**

ഞാൻ നിലത്തു പടരുന്ന ഒരു ചെടിയാണ്. എന്റെ കാണ്ഡം മെലിഞ്ഞതും ഉറപ്പില്ലാത്തതുമാണ്. എനിക്ക് സ്വയം നിവർന്നുനിൽക്കാൻ കഴിയില്ല. ഞാൻ നിലത്താണ് പടർന്നു വളരുന്നത്. എനിക്ക് നിന്നെ സഹായിക്കാൻ കഴിയില്ല.

6 **അവൻ ഒരു മരത്തിന്റെ അടുത്തേക്ക് ചെന്നു.**

ഞാൻ ഒരു മരമാണ്. ഞാൻ ഉയരമുള്ളതും ബലമുള്ളതുമാണ്. എന്റെ കാണ്ഡം തടിച്ചതും കടുപ്പമുള്ളതുമാണ്. എനിക്ക് സ്വയം നിവർന്നുനിൽക്കാൻ കഴിയും. എനിക്ക് നിന്നെ സഹായിക്കാൻ കഴിയും.

അപ്പു തന്റെ പുറം മരത്തിൽ ഉരസി.

ആഹാ... ഇപ്പോൾ നല്ല സുഖമുണ്ട്!

എല്ലാ ചെടികൾക്കും അതിന്റെതായ പ്രത്യേക സവിശേഷതകളുണ്ട്.

അധ്യാപക കുറിപ്പ്

പാഠഭാഗം വായിച്ച് സസ്യങ്ങളെ തരംതിരിക്കാൻ കുട്ടികളെ സഹായിക്കുക.

ചെയ്ത് പഠിക്കാം

1. തന്നിരിക്കുന്ന സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ സവിശേഷതകൾ തെരഞ്ഞെടുത്ത് എഴുതുക.



സവിശേഷതകൾ	ചെറിയ ചെടി	കുറ്റിച്ചെടി	വള്ളിച്ചെടി	ഇഴവള്ളി	മരം
ഉയരം കുറുകിയത് (അ)/ ഇടത്തരം (ആ)/ ഉയരമുള്ളത് (ഇ)	അ				
കാണ്ഡം മൃദുവായത് (അ) / കട്ടിയുള്ളത് (ആ) / തടിച്ചത്,കട്ടിയുള്ളതും (ഇ) / നേർത്തതും, ബലമില്ലാത്തതും (ഈ)	അ				
പച്ച (അ)/ തവിട്ടു നിറം (ആ)	അ				
നിലത്തിന് തൊട്ടുമുകളിൽ ധാരാളം ശാഖകൾ (അതെ/ ഇല്ല)	ഇല്ല				
സ്വയം നിവർന്ന് നിൽക്കാൻ കഴിയുമോ? (കഴിയും / ഇല്ല)	അതെ				
പറ്റിക്കയറാൻ താങ്ങ് ആവശ്യമുണ്ടോ? (ഉണ്ട്/ ഇല്ല)	ഇല്ല				
വളരുന്ന രീതി നേരെ നിവർന്നു നിൽക്കും.(അ) താങ്ങിൽ പിടിച്ചു കയറും (ആ) നിലത്ത് പടരും (ഇ)	അ				

2. നിങ്ങളുടെ സ്കൂളിലോ വീട്ടിനു ചുറ്റുമുള്ള സ്ഥലങ്ങളിലോ ഉള്ള സസ്യങ്ങളെ നിരീക്ഷിച്ച് എണ്ണം എഴുതുക.

ചെടി ☐ കുറ്റിച്ചെടി ☐ മരം ☐ വള്ളിച്ചെടി ☐ ഇഴവള്ളി ☐

ഏറ്റവും കൂടുതലായി കാണപ്പെടുന്ന സസ്യ ഇനം : _____

ഏറ്റവും കുറവായി കാണപ്പെടുന്ന സസ്യ ഇനം : _____

അധ്യാപക കുറിപ്പ്

കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയുന്ന സസ്യങ്ങളുടെ പേരുകൾ പറയാൻ ആവശ്യപ്പെടുക.

3. എന്റെ സവിശേഷതകൾ എഴുതി, ഞാൻ ഏത് തരത്തിലുള്ള സസ്യമാണെന്ന് കണ്ടെത്തുക.



കാണ്ഡം _____

സ്വയം നിവർന്നു നിൽക്കാൻ കഴിയുമോ? _____

പടർന്ന് കയറാൻ താങ്ങ് ആവശ്യമുണ്ടോ? _____

വളരുന്ന രീതി _____

മുന്തിരി വള്ളി ഒരു _____

നിങ്ങളുടെ ഉത്തരങ്ങൾ കൂട്ടുകാരുമായി പങ്കുവെക്കുക. അവ ഒരു പോലെയാണോ ഉള്ളത്?

അധ്യാപക കുറിപ്പ്

നൽകിയിരിക്കുന്ന സസ്യത്തെ ശ്രദ്ധയോടെ നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കാനും ക്ലാസിൽ പങ്കുവെക്കാനും കുട്ടികളോട് ആവശ്യപ്പെടുക.

4. നൽകിയിട്ടുള്ള പദങ്ങൾ ഉപയോഗിച്ച് പൂർത്തിയാക്കുക.

(ഇഴവള്ളി, ചെറിയചെടി, മരം, വള്ളിച്ചെടി, ഇഴവള്ളി, കുറ്റിച്ചെടി)



5. നിങ്ങൾ കണ്ടിട്ടുള്ള ഏതെങ്കിലും ഇഴവള്ളിയുടെ ചിത്രം ഒരു കടലാസിൽ വരയ്ക്കുക.

6. പദങ്ങൾ തെരഞ്ഞെടുത്ത് എഴുതി, സസ്യങ്ങളെക്കുറിച്ച് വിവരിക്കുക.

കട്ടിയുള്ള കാണ്ഡം, നിലത്ത് പടരുന്നു, വലിയ സസ്യം, മുകളിലേക്ക് വളരുന്നു, നേരിയ കാണ്ഡം, നിവർന്നു നിൽക്കാൻ കഴിയില്ല, മരം (വൃക്ഷം) ചെറിയ സസ്യം, കുറ്റിച്ചെടി വള്ളിച്ചെടി, ഇഴ വള്ളി ചിത്രങ്ങൾക്കനുസരിച്ചുള്ള വിവരണം (ഉത്തരങ്ങൾ)





_____ _____

_____ _____

_____ _____

ഇത് ഒരു _____. ഇത് ഒരു _____.

7. അനുയോജ്യമായത് തെരഞ്ഞെടുത്ത് വരയ്ക്കുക.









8. നൽകിയിരിക്കുന്ന പൂവിൽ വിത്തുകൾ വരയ്ക്കുക.




ജീരകം


കടുക്


വെളുത്ത കടല


ഉലുവ


മല്ലി വിത്ത്

9. നിങ്ങളുടെ അടുക്കളയിൽ ഉപയോഗിക്കുന്ന ഏതെങ്കിലും മൂന്ന് വിത്തുകൾ കണ്ടെത്തി എഴുതുക.

_____, _____, _____.



ചെയ്ത് നോക്കാം

വിത്തുകളും വേരുകളും ഇല്ലാതെ സസ്യങ്ങൾക്ക് വളരാൻ കഴിയുമോ?


ഒരു പ്ലാസ്റ്റിക് കുപ്പി എടുക്കുക.


ചെറിയ ദ്വാരങ്ങൾ ഉണ്ടാക്കുക.


മണ്ണുകൊണ്ട് നിറയ്ക്കുക.


ദ്വാരങ്ങളിൽ വേരുകളില്ലാത്ത പുതിന തണ്ടുകൾ തിരുകി വയ്ക്കുക.

അല്പം വെള്ളമൊഴിച്ച് സൂര്യപ്രകാശത്തിൽ വയ്ക്കുക.

തന്നിരിക്കുന്ന പദങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുക.

(തണ്ടിൽ നിന്ന് പുതിയ വേരുകളും ഇലകളും വളരും)

1. പുതിന തണ്ടിൽ നിങ്ങൾ കാണുന്ന മാറ്റങ്ങൾ എന്തെല്ലാം? _____

2. പുതിയ വേരുകൾ എവിടെയാണ് വളരുന്നത്? _____

ചെയ്ത് നോക്കാം

നിങ്ങൾക്ക് മരത്തിന്റെ തടി അളക്കാൻ സാധിക്കുമോ?

1. ഊഹിക്കുക!

മരത്തടിയുടെ അളവ് എത്ര ചാണ് ഉണ്ടായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്? _____ ചാൺ.

കണ്ടെത്താം വരൂ!

മരത്തിന്റെ പേര്:



മരത്തിന്റെ തടിയിൽ ഒരു കയർ കെട്ടുക.



കയർ നേരെ വലിച്ചു പിടിക്കുക.



നിങ്ങളുടെ കൈ ചാൺ അളവ് ഉപയോഗിച്ച് കയർ അളക്കുക.

ചിന്തിച്ചു പങ്കുവയ്ക്കാം!

അ. നിങ്ങളുടെ ഊഹം ശരിയായിരുന്നോ? ☐ അതെ ☐ അല്ല

ആ. മരത്തടിയുടെ അളവ് എത്ര ചാൺ ആയിരുന്നു? _____

ഇ. ആര് അളന്ന മരത്തിന്റെ തടിയുടെ വീതി ആണ് കൂടുതൽ? ☐ എന്റേത്
☐ എന്റെ കൂട്ടുകാരന്റേത്

2. പെൻസിൽ ഷാർപ്പനർ ഉപയോഗിച്ച് ഇലകൾ അളക്കുക. നിങ്ങളുടെ ഉത്തരം കൂട്ടുകാരനുമായി ഒത്തുനോക്കുക.

ഇല	എന്റെ എണ്ണം	എന്റെ കൂട്ടുകാരന്റെ എണ്ണം
വേപ്പില		
വാഴഇല		



നിങ്ങളുടെ കൂട്ടുകാരനുമായി സംസാരിക്കുക:

നിങ്ങളുടെ രണ്ടുപേരുടെയും ഉത്തരങ്ങൾ ഒന്നുതന്നെയായിരുന്നോ?

☐ **അതെ** ☐ **അല്ല**

എന്തുകൊണ്ട് / എന്തുകൊണ്ടല്ല്? ചർച്ച ചെയ്യുക.

അധ്യാപക കുറിപ്പ്

ഈ പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികളെ സഹായിക്കുക.

ഇലകൾ

നിരീക്ഷിച്ച് ചർച്ച ചെയ്യാം

കുട്ടികളേ! 'ഇല പറയുന്നു' എന്ന ഒരു കളി നമുക്ക് കളിക്കാം.



ഇല പറയുന്നു – പ്രവർത്തനം.	ഞാൻ നിരീക്ഷിച്ചവ...	എന്റെ ഇല
നിങ്ങളുടെ ഇലയെ ശ്രദ്ധിച്ചു നോക്കുക.	**നിറം:** ഇളം പച്ച / കടും പച്ച / മഞ്ഞ / മറ്റ്നിറങ്ങൾ	
നിങ്ങളുടെ ഇലയെ മൃദുവായി തൊട്ടുനോക്കുക.	**സ്വഭാവം:** വഴുവഴുപ്പുള്ളത് / പരുപരുത്തത് / ഘനം കുറഞ്ഞത് / കട്ടിയുള്ളത്	
നിങ്ങളുടെ ഇല മണത്തുനോക്കുക.	**ഗന്ധം:** ഗന്ധമില്ലാത്തത് / മിതമായ ഗന്ധം / തീഷ്ണ ഗന്ധം	
നിങ്ങളുടെ ഇലയുടെ വലുപ്പം നിരീക്ഷിക്കുക.	**വലുപ്പം:** ചെറുത് / ഇടത്തരം / വലുത്	
നിങ്ങളുടെ ഇലയുടെ അഗ്രഭാഗം നിരീക്ഷിക്കുക.	**അഗ്രം:** കൂർത്തത് / വളഞ്ഞത് 	
നിങ്ങളുടെ ഇലയുടെ രൂപം നിരീക്ഷിക്കുക.	**രൂപം:** നീളമുള്ളത് / ഇടുങ്ങിയത് / വീതിയുള്ളത് / വട്ടത്തിലുള്ളത് / നീണ്ട രൂപത്തിലുള്ളത് / ഹൃദയാകൃതിയിലുള്ളത് 	
നിങ്ങളുടെ ഇലയുടെ വശങ്ങൾ (വിളുമ്പ്) നിരീക്ഷിക്കുക.	**വശങ്ങൾ:** വഴുവഴുപ്പുള്ളത് / പല്ലുകൾ പോലെയുള്ളത് / അലകൾ പോലെയുള്ളത് 	

ഇലകൾ ഭൂരിഭാഗം സസ്യങ്ങളുടെയും പച്ചനിറത്തിലുള്ള ഭാഗങ്ങളാണ്. അവയ്ക്ക് വ്യത്യസ്ത ആകൃതി, വലുപ്പം, നിറം, സ്വഭാവം, ഗന്ധം, അരികുകൾ, അഗ്രം എന്നിവയുണ്ട്.

എന്റെ ഇലഎന്നത് _____ _____ _____ _____

_____ _____ _____ _____.

ചെയ്ത് പഠിക്കാം



നന്നായി അറിയാവുന്ന വിവിധതരം ഇലകൾ ശേഖരിച്ചു കൊണ്ടുവരിക. നിങ്ങൾ ആ ഇലയായി അഭിനയിക്കുക.

1. എന്റെ ഇലയെ ഊഹിക്കുക.

നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു ഇല കൊണ്ടുവരിക. അതിനെക്കുറിച്ച് രണ്ട് സൂചനകൾ നിങ്ങളുടെ കൂട്ടുകാരന് നൽകുക.

സൂചന 1. _____

സൂചന 2. _____

നിങ്ങളുടെ ഇല വരയ്ക്കുക

നിങ്ങളുടെ കൂട്ടുകാരനോട് ഈ സൂചനകൾ ഉപയോഗിച്ച് അത് ഏത് ഇലയാണെന്ന് കണ്ടെത്തി എഴുതാൻ പറയുക. _____

2. തന്നിരിക്കുന്ന ഇലകൾ നിരീക്ഷിച്ച്, നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ പട്ടികയിൽ രേഖപ്പെടുത്തുക.


വേപ്പില


പേരാലിന്റെ ഇല


മാവില


അശോകത്തിന്റെ ഇല


ചെമ്പരത്തിഇല


പേരഇല

ക്രമ നമ്പർ	ഇലയുടെ പേര്	വലുപ്പം	ആകൃതി	അഗ്രം	വശങ്ങൾ	സ്വഭാവം	നിറം	മണം
1	വേപ്പില							
2	പേരാലിന്റെ ഇല							
3	മാവില							
4	അശോകത്തിന്റെ ഇല							
5	ചെമ്പരത്തിഇല							
6	പേരഇല							

നിരീക്ഷിച്ച് ചർച്ച ചെയ്യാം

സസ്യങ്ങൾക്ക് സ്വയം ഭക്ഷണം തയ്യാറാക്കാൻ സാധിക്കുമോ?



പ്രവർത്തന സമയം

പങ്കെടുത്ത് അഭിനയിക്കാം



അധ്യാപക കുറിപ്പ്

സസ്യത്തിന്റെ വിവിധ ഭാഗങ്ങളുടെ ധർമ്മങ്ങളെ (പ്രവർത്തനങ്ങളെ) കുറിച്ച് ചർച്ച ചെയ്യുക.

ചെയ്ത് പഠിക്കാം

1. പ്രോജക്റ്റ്

സസ്യത്തിലെ ഒരു ഇലയെ ആറ് ആഴ്ചകളോളം നിരീക്ഷിച്ച്, അതിൽ ഉണ്ടാകുന്ന മാറ്റങ്ങൾ വരയ്ക്കുക. നൽകിയിരിക്കുന്ന പദശേഖരം ഉപയോഗിച്ച് മാറ്റങ്ങൾ എഴുതുക.

മാറ്റങ്ങൾക്കുള്ള ഉദാഹരണം:



പദശേഖരം

നിറം:
- ഇളം പച്ച
- കടും പച്ച
- മഞ്ഞ
- തവിട്ടുനിറം

വലുപ്പം:
- ചെറുത്
- വളരെ ചെറുത്
- വലുത്
- വളരെ വലുത്

സവിശേഷത:
- മൃദുവായത്
- ഉണങ്ങിയത്
- വഴുവഴുപ്പായത്

അവസ്ഥ:
- പുതിയത്
- ഉണങ്ങിയത്
- ആരോഗ്യമുള്ളത്
- കൊഴിഞ്ഞുവീണത്

പ്രവർത്തനം	ആഴ്ച 1	ആഴ്ച 2	ആഴ്ച 3	ആഴ്ച 4	ആഴ്ച 5	ആഴ്ച 6
വരച്ച് നിറം നൽകുക						
മാറ്റങ്ങൾ എഴുതുക						





നിങ്ങൾക്ക് അറിയാമോ?

പണ്ടുകാലത്ത് ആളുകൾ കഥകളും കവിതകളും പ്രധാനപ്പെട്ട വിവരങ്ങളും എഴുതാൻ ഉണങ്ങിയ പനയോലകൾ ഉപയോഗിച്ചിരുന്നു.

2. രണ്ട് പനമരങ്ങളും നോക്കുക. ഏത് മരത്തിലാണ് നിങ്ങൾ പനങ്കുലകൾ വരയ്ക്കുക? – ചിന്തിച്ച് ഉത്തരമെഴുതുക!









- ഇലകൾ ഇല്ലെങ്കിൽ സസ്യങ്ങൾക്ക് ആവശ്യത്തിന് ഭക്ഷണം തയ്യാറാക്കാൻ സാധിക്കില്ലെന്നും, അതിനാൻ പഴങ്ങൾ ഉണ്ടാകില്ലെന്നും മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുക.
- ക്ലാസ് മുറിയിൽ പുതിനച്ചായ തയ്യാറാക്കുക.



ചെയ്ത് പഠിക്കാം

1. പുതിനച്ചായ തയ്യാറാക്കി കുടിച്ചു നോക്കാം!



നിങ്ങൾക്ക് ചായ ഇഷ്ടമാണോ? നിറം നൽകുക.





നിങ്ങൾക്ക് അറിയാമോ?



1. കാബേജ് എന്നത് ധാരാളം ഇലകളുടെ അടരുകൾ (പാളികൾ) ഉള്ളതാണ്.



2. മൂത്തതും ഉണങ്ങിയതുമായ ഇലകൾ വളമായി മാറുന്നു.



2. കണ്ടെത്തുക!

വാഴയിലകൾ കൂടാതെ, മറ്റ്ഏതെല്ലാം സസ്യങ്ങളുടെ ഇലകളാണ് ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റുകളായി ഉപയോഗിക്കുന്നത്?

അ. _____ ആ. _____

3. നിങ്ങൾ ഇലകൾ ഉപയോഗിച്ച് ഒരു ചിത്രം നിർമ്മിച്ച്, അത് ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുക.



4. സസ്യങ്ങൾക്ക് നന്ദി അറിയിക്കുന്ന രീതിയിൽ, ഒരു കടലാസിൽ പോസ്റ്റർ തയ്യാറാക്കി ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുക.

നമ്മുടെ ദൈനംദിന ജീവിതത്തിൽ സസ്യങ്ങൾ



നിരീക്ഷിച്ച് ചർച്ച ചെയ്യാം

വിമലിന്റെ സ്വപ്നം



വിമലിന്റെ പ്രവർത്തനം







ഈ ചിത്രങ്ങളെക്കുറിച്ച് കുട്ടികളോട് അവരുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ ആവശ്യപ്പെടുക.



അനേകം ജീവികളുടെ വീട്

ഞാൻ ദിവസവും നിന്റെ പഴങ്ങൾ കഴിക്കുന്നു
നിന്റെ മരത്തടിയിൽ എനിക്ക് ജീവിക്കാമോ?

നിന്റെ മരത്തടിയിൽ ഞാൻ കൊത്തിക്കൊണ്ടിരിക്കുന്നു
നിന്റെ മരത്തടിയിൽ എനിക്ക് ജീവിക്കാമോ?

പതുക്കെ പുല്ല് ചവച്ചരച്ച് ഞാൻ നിൽക്കുന്നു
ദിവസവും നിന്റെ തണലിൽ എനിക്ക് വിശ്രമിക്കാമോ?

ചില്ലകളിൽ നിന്ന് ചില്ലകളിലേക്ക്
ഞാൻ ഓടിക്കളിക്കുന്നു
എല്ലാ ദിവസവും അങ്ങനെ ചെയ്യാൻ
നീ എന്നെ അനുവദിക്കുമോ?

നിന്റെ ഉയർന്ന ചില്ലകളിൽ ഇരുന്ന്
ഞാൻ കാ... കാ... എന്ന് പാടുന്നു
ആകാശത്തിന് താഴെ എനിക്കൊരു കൂട് കെട്ടാമോ?

രാത്രിയിൽ ഉണർന്നിരുന്ന് ഞാൻ പറന്നുയരുന്നു
വെളിച്ചം വരുമ്പോൾ നിന്റെ പൊത്തിൽ
എനിക്ക് വിശ്രമിക്കാമോ?

പ്രിയപ്പെട്ട മരമേ പ്രിയപ്പെട്ട മരമേ,
ശക്തവും ഉയരമുള്ളതുമായ മരമേ
ഞങ്ങൾക്ക് എല്ലാവർക്കുമൊപ്പം ഊഞ്ഞാലാടാനും
കളിക്കാനും കഴിയുമോ?

വരൂ, വരൂ പ്രിയ കൂട്ടുകാരെ നിങ്ങളെ
ഏവരെയും സ്വീകരിക്കാൻ
എന്റെ അടുക്കൽ ഇടമുണ്ട്.

ചെയ്ത് പഠിക്കാം

1. ഈ പാട്ട് ഉപയോഗിച്ച്, മരത്തിന് ഉള്ളിലും മരത്തിന് മുകളിലും മരത്തിന്റെ അടിയിലും (ചുവട്ടിലും) ജീവിക്കുന്ന ജീവികളെ പട്ടികപ്പെടുത്തുക.

മരത്തിന് ഉള്ളിൽ	മരത്തിന് മുകളിൽ	മരത്തിന് താഴെ

2. വീട്ടിൽ ഉപയോഗിക്കുന്ന സസ്യ ഉൽപ്പന്നങ്ങൾക്ക് 'വീ' എന്നും, വിദ്യാലയത്തിൽ (പള്ളിക്കൂടത്തിൽ) ഉപയോഗിക്കുന്നവയ്ക്ക് 'പ' എന്നും, രണ്ടിടത്തും ഉപയോഗിക്കുന്നവയ്ക്ക് 'ഇ' എന്നും എഴുതുക.



നമ്മുടെ ജീവിതത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന സസ്യങ്ങളെ പരിപാലിക്കാം; സംരക്ഷിക്കാം; നന്ദി പറയാം.

നമ്മുടെ ദൈനം ദിന ജീവിതത്തിൽ സസ്യങ്ങൾ നൽകുന്ന പ്രയോജനങ്ങളെക്കുറിച്ച് കുട്ടികളുമായി ചർച്ച ചെയ്യുക.





നിങ്ങൾക്ക് അറിയാമോ?

പത്തമടപായ

തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ പത്തമടൈ എന്ന പട്ടണം താമ്രപർണി നദിക്കരയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ 'കോര' എന്നറിയപ്പെടുന്ന ഒരു പ്രത്യേകതരം പുല്ല് വളരുന്നുണ്ട്. ഈ പുല്ലിനാൽ നിർമ്മിക്കപ്പെട്ട പായകൾ കനം കുറഞ്ഞതും മൃദുവായതും കൂടാതെ തണുപ്പ് നൽകുന്നതുമാണ്.

ഒരു മരം - പല ഉപയോഗങ്ങൾ



നിരീക്ഷിച്ച് ചർച്ച ചെയ്യാം



വിത്ത്



തേങ്ങാവെള്ളം
തേങ്ങാപ്പീര
(തേങ്ങ)

മരത്തടി



കട്ടിൽ

വടി
(ഊന്നുവടി)

ഓല



പായ



വിശറി

ചൂൽ

ചകിരിനാര്



കയർ

ചവിട്ടി മെത്ത



ബ്രഷ്

ചിരട്ട



ചിരട്ടത്തവി

ചിരട്ടപ്പാത്രം

ചകിരി തൊണ്ട്



ഇന്ധനമായി (വിറകായി) ഉപയോഗിക്കുന്നു.



തെങ്ങിന്റെ വിവിധ ഭാഗങ്ങൾ നമുക്ക് എപ്രകാരമെല്ലാം ഉപയോഗപ്പെടുന്നു എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.

ചെയ്ത് പഠിക്കാം

TB2PV

1. നിങ്ങളുടെ വീട്ടിലും സ്കൂളിലും ഉപയോഗിക്കുന്ന തെങ്ങിൻ ഉൽപ്പന്നങ്ങളുടെ പേരുകൾ എഴുതുക.

2. പത്തമട പായയിലെ ഡിസൈനുകൾ വരച്ച് പൂർത്തിയാക്കുക.



3. തെങ്ങോല ഉപയോഗിച്ച് ഒരു ചെറിയ പായ നിർമ്മിക്കുക.











അധ്യാപക കുറിപ്പ്

പനയോലയോ തെങ്ങോലയോ ഉപയോഗിച്ച് പായ നെയ്യാൻ കുട്ടികളെ സഹായിക്കുക. വിശറി, വാച്ച്, കിരീടം, തോരണം അല്ലെങ്കിൽ അവർ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന മറ്റ് വസ്തുക്കൾ വീട്ടിൽ ഉണ്ടാക്കി നോക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക.



പഠനയാത്ര

1. ശരിയായ ഒന്നിന് വട്ടമിടുക.

അ. എനിക്ക് പടർന്നു വളരാൻ ഒരു താങ്ങ് വേണം.



പടവലങ്ങ



മത്തങ്ങ

ആ. എനിക്ക് കട്ടിയുള്ള മരത്തടിയുണ്ട്.



വേപ്പ്



റോസ

2. താഴെ പറയുന്ന സൂചനകൾ ഉപയോഗിച്ച് ഇല വരയ്ക്കുക:

അഗ്രം : കൂർത്തത്
രൂപം : കുറുകിയത്
വക്കുകൾ : പല്ലുകൾ പോലെയുള്ളത്

3. ഉൽപ്പന്നങ്ങൾ നിരീക്ഷിച്ച് മരത്തിന്റെ പേരെഴുതുക:

 **(കയർ),**  **(ഇളനീർ),**  **(വിശറി),**  **(ചൂൽ)**

മരത്തിന്റെ പേര്: _____.

4. വായ്മൊഴി ചോദ്യം

മരങ്ങൾ പഴങ്ങൾ തരുന്നതിനാൽ മാത്രം പ്രയോജനമുള്ളവയാണ്.' നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പങ്കുവയ്ക്കുക.



ഞാൻ പഠിച്ചവ

- സസ്യങ്ങൾ വിത്തുകളിൽ നിന്നും മറ്റ് സസ്യഭാഗങ്ങളിൽ നിന്നും വളരുന്നു എന്ന് ഞാൻ മനസ്സിലാക്കി.
- എനിക്ക്, സസ്യങ്ങളെ ചെറുചെടികൾ, കുറ്റിച്ചെടികൾ, മരങ്ങൾ, വള്ളിച്ചെടികൾ, ഇഴവള്ളികൾ എന്നിങ്ങനെ തരംതിരിക്കാൻ കഴിയും.
- എനിക്ക് ഇലകളുടെ രൂപം, വലുപ്പം, മറ്റ് സവിശേഷതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ അവയെ താരതമ്യം ചെയ്യാൻ കഴിയും.
- ഇലകൾ സസ്യങ്ങൾക്കുള്ള ഭക്ഷണം തയ്യാറാക്കുന്നു എന്ന് ഞാൻ മനസ്സിലാക്കി.
- ഞാൻ ദൈനംദിന ജീവിതത്തിൽ സസ്യ ഉൽപ്പന്നങ്ങളെയും അവയുടെ ഉപയോഗങ്ങളെയും ബന്ധപ്പെടുത്തും.

ഞാൻ ചെയ്യും

1. ഉചിതമായ ഒന്നിനെ വട്ടമിടുക. അതിനുള്ള കാരണവും എഴുതുക.

അ. റോസാച്ചെടി, മുല്ല, പുതിന, ചെമ്പരത്തി.

കാരണം: _____ എന്നത് _____ ആണ്..
(ചെറിയ ചെടി / കുറ്റിച്ചെടി)

ആ. ചുരയ്ക്ക, അമരയ്ക്ക, പടവലങ്ങ, മത്തങ്ങ.

കാരണം: _____ എന്നത് _____ ആണ്.
(വള്ളിച്ചെടി / ഇഴ വള്ളി)

2. സൂചനകൾ വായിച്ച്, ശരിയായ സസ്യത്തിന് നേരെ (✓) ചിഹ്നമിടുക.

- ഇതിന് കനം കുറഞ്ഞ തണ്ടായിരിക്കും ഉള്ളത്.
- ഇത് മുകളിലേക്ക് വളരുന്നു.
- ഇതിന് പടർന്നു വളരാൻ ഒരു താങ്ങ് ആവശ്യമാണ്.





3. സൂചനകൾ ഉപയോഗിച്ച് സസ്യങ്ങളെ വിവരിക്കുക.

കട്ടിയുള്ള മരത്തടി
കനം കുറഞ്ഞ കാണ്ഡം

അ. വള്ളിച്ചെടി _____ ഉള്ളതാണ്.

ആ. മരം _____ ഉള്ളതാണ്.

4. യോജിപ്പിക്കുക.

ഭക്ഷണമായി ഉപയോഗിക്കുന്ന ഇല	പ്ലേറ്റായി ഉപയോഗിക്കുന്ന ഇല	മേൽക്കൂരയായി ഉപയോഗിക്കുന്ന ഇല	മരുന്നായി ഉപയോഗിക്കുന്ന ഇല
○	○	○	○
○	○	○	○
			

5. ശരിയായ കളത്തിൽ നിഴലിടുക.

	വേര്	☐	കാണ്ഡം	☐
അ. വെള്ളം വലിച്ചെടുക്കുന്നത്	കാണ്ഡം	☐	പഴം	☐
ആ. വിത്തുകളെ സംരക്ഷിക്കുന്നത്	ഇല	☐	പഴം	☐
ഇ. ഭക്ഷണം തയ്യാറാക്കുന്നത്	കാണ്ഡം	☐	ഇല	☐

ഈ. സസ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വെള്ളം എത്തിക്കുന്നത്

6. വാമൊഴി ചോദ്യങ്ങൾ

അ. നിങ്ങളുടെ കൂട്ടുകാരൻ ഒരു അമരപ്പയർ വിത്ത് നട്ടിട്ടുണ്ട്. അടുത്ത ഏതാനും ദിവസങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കാവുന്നത് എന്ന് വിശദീകരിക്കുക.

ആ. മരങ്ങൾ വെട്ടിമാറ്റുന്നത് കൊണ്ടുള്ള രണ്ട് പ്രത്യാഘാതങ്ങൾ പങ്കുവയ്ക്കുക.

7. പ്രോജക്ട്

നിങ്ങളുടെ വീടിനോ സ്കൂളിനോ സമീപമുള്ള അഞ്ച് വ്യത്യസ്ത സസ്യങ്ങൾ നിരീക്ഷിക്കുക. മുതിർന്നവരുടെ സഹായത്തോടെ ഓരോ സസ്യത്തെയും തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.

ക്രമ നമ്പർ	സസ്യത്തിന്റെ പേര്	തരങ്ങൾ (ചെടി / കുറ്റിച്ചെടി / മരം / വള്ളിച്ചെടി / ഇഴവള്ളി)	സസ്യത്തിന്റെ ഏതെങ്കിലും ഒരു ഉപയോഗം
1.			
2.			
3.			
4.			
5.			

പങ്കുവയ്ക്കുക: നിങ്ങൾക്ക് ഏത് ചെടിയാണ്/സസ്യമാണ് ഏറ്റവും ഇഷ്ടം? എന്തുകൊണ്ട്?

2 നമ്മുടെ ഭക്ഷണം

പലതരം ഭക്ഷണങ്ങളും പലതരം രുചികളും

നമ്മുടെ ഭക്ഷണത്തിൽ എന്തുകൊണ്ടാണ് വിവിധതരം വിഭവങ്ങളും വ്യത്യസ്ത രുചികളും ഉള്ളത്?



എന്തു കഴിച്ചു പൊന്നുകണ്ണേ?
രാവിലെ എന്തു കഴിച്ചു നീ?
ഇഡ്ഡലി കഴിച്ചു ഞാനിഡ്ഡലി കഴിച്ചു!
രാവിലെ ഞാനുമിഡ്ഡലി കഴിച്ചു!
എങ്ങനെയുള്ളൊരു ഇഡ്ഡലിയാണ്?
പഞ്ഞിപോൽ മൃദുവായ ഇഡ്ഡലിയാണ്!
ഇഡ്ഡലിക്കൊപ്പം എന്താണു കൂട്ട്?
ചൂടുള്ള സാമ്പാർ എനിക്കു കൂട്ട്!
ഇഡ്ഡലി കഴിച്ചു ഞാനിഡ്ഡലി കഴിച്ചു!
സാമ്പാറും കൂട്ടി ഞാനിഡ്ഡലി കഴിച്ചു!
വയറു നിറയെ ഞാനിഡ്ഡലി കഴിച്ചു!
മിടുക്കനായ് രാവിലെയിഡ്ഡലി കഴിച്ചു







അധ്യാപക കുറിപ്പ്

പാട്ട് തുടർന്ന് പാടുകയും, കുട്ടികൾ പറയുന്ന ഭക്ഷണസാധനങ്ങളുടെ പേരുകൾ ബ്ലാക്ക് ബോർഡിൽ എഴുതുകയും ചെയ്യുക.

GL1SQ

നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഈ ഭക്ഷണപദാർത്ഥങ്ങൾക്കെല്ലാം ഒരേ രുചിയാണോ ഉള്ളത്? ഇവയുടെ രുചി വ്യത്യസ്തമായിരിക്കുന്നത് എന്തുകൊണ്ട്?



ഇഡ്ഡലി



പൊങ്കൽ



ലെമൺ റൈസ്



ദോശ

വിവിധതരം ഭക്ഷണങ്ങൾക്ക് വ്യത്യസ്ത രുചികളാണുള്ളത്. കാരണം, അവ വ്യത്യസ്ത ചേരുവകൾ ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്. ഭക്ഷണം തയ്യാറാക്കാൻ നാം ഉപയോഗിക്കുന്ന ഇത്തരം വസ്തുക്കളെയാണ് ചേരുവകൾ എന്ന് പറയുന്നത്.

പ്രവർത്തന സമയം

ധാന്യങ്ങളും പയറുവർഗ്ഗങ്ങളും വേർതിരിച്ച് അവയുടെ പേരുകൾ പറയുക.



അരി, റാഗി, ഗോതമ്പ് തുടങ്ങിയ ചേരുവകൾ നമ്മുടെ പ്രധാന ഭക്ഷണവിഭവങ്ങൾ തയ്യാറാക്കാൻ ഉപയോഗിക്കുന്നു.

നിങ്ങളുടെ അടുക്കളയിൽ ഏറ്റവും കൂടുതൽ ഭക്ഷണവിഭവങ്ങൾ തയ്യാറാക്കാൻ ഉപയോഗിക്കുന്ന ചേരുവ ഏതാണ്?

ഒരു പ്രധാന ചേരുവ ഉപയോഗിച്ച് പല രുചികളിലുള്ള വ്യത്യസ്ത തരം ഭക്ഷണങ്ങൾ തയ്യാറാക്കാം.

റാഗി കൊണ്ട് തയ്യാറാക്കിയ ഭക്ഷണങ്ങളിൽ, നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണത്തിന് (★) അടയാളവും, നിങ്ങളുടെ സുഹൃത്തിന് ഇഷ്ടപ്പെട്ട ഭക്ഷണത്തിന് (✓) അടയാളവും നൽകുക.





റാഗി അട



റാഗി പുട്ട്



റാഗി കുറുക്ക്



റാഗി ഇടിയപ്പം



റാഗി ഉരുള



റാഗി ദോശ

പ്രവർത്തന സമയം

1. കുട്ടികളോടൊപ്പം ചേർന്ന് താഴെ പറയുന്ന കളികൾ കളിക്കുക.

- തരംതിരിക്കുന്ന കളി
- ബിങ്കോ കളി
- തീവണ്ടി കളി





2. വിവിധതരം പയറുവർഗ്ഗങ്ങൾ ഉപയോഗിച്ച് ഒരു ആമയെ നിർമ്മിക്കുക.



ചെയ്ത് പഠിക്കാം

1. അരി ഉപയോഗിച്ച് തയ്യാറാക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ പേരുകൾ എഴുതുക.

ദോശ · പുട്ട് · ഇഡ്ഡലി · ചോറ് · കഞ്ഞി · ഇടിയപ്പം · കൊഴുക്കട്ട



2. ഗോതമ്പ് കൊണ്ട് ഉണ്ടാക്കിയ ഭക്ഷണപദാർത്ഥങ്ങൾ മാത്രം തിരഞ്ഞെടുത്ത് (✓) എന്ന് അടയാളപ്പെടുത്തി, അവയുടെ പേരുകൾ എഴുതുക.

(ചോറ് · ഗോതമ്പ് ദോശ · റൊട്ടി · റാഗി പുട്ട് · റാഗി അട · പൂരി · ചപ്പാത്തി · ഇഡ്ഡലി)






☐ _____ ☐ _____ ☐ _____ ☐ _____






☐ _____ ☐ _____ ☐ _____ ☐ _____



പ്രവർത്തന സമയം

നമുക്ക് രുചിച്ച് നോക്കാം! രുചിച്ച് നോക്കാം!

1. നാരങ്ങാനീര്
2. ഉപ്പ് ചേർത്ത നാരങ്ങാനീര്
3. പഞ്ചസാര ചേർത്ത നാരങ്ങാനീര്










1. വെള്ളരിക്ക കഷണം
2. ഉപ്പ് ചേർക്കുക
3. മുളകുപൊടി ചേർക്കുക
4. കുരുമുളകുപൊടി ചേർക്കുക

ഭക്ഷണത്തിന്റെ രുചി വർദ്ധിപ്പിക്കുന്നതിനാണ് നാം സുഗന്ധവ്യഞ്ജനങ്ങൾ ചേർക്കുന്നത്.



മുകളിൽ പറഞ്ഞതുപോലെ നാരങ്ങാനീരും വെള്ളരിക്ക കഷണങ്ങളും തയ്യാറാക്കി, കുട്ടികളെക്കൊണ്ട് അത് രുചിപ്പിച്ച് നോക്കി, അവയുടെ രുചികൾ തമ്മിലുള്ള വ്യത്യാസങ്ങൾ ക്ലാസിൽ പങ്കുവെക്കാൻ പറയുക.

സാമ്പാറിലെ ചേരുവകളും പച്ചക്കറികളും

ചോറ്, സാമ്പാർ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ നാം കഴിക്കാറുണ്ട്. പരിപ്പ്, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ പല ചേരുവകളും ഉപയോഗിച്ചാണ് സാമ്പാർ തയ്യാറാക്കുന്നത്.

സാമ്പാർ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ചില പച്ചക്കറികളുടെ ചിത്രങ്ങൾ വരയ്ക്കുക.



പാടം മുതൽ പാത്രം വരെ നമ്മുടെ ഭക്ഷണത്തിന്റെ യാത്ര



നിരീക്ഷിച്ച് ചർച്ച ചെയ്യാം

- **നാം കഴിക്കുന്ന ഭക്ഷണത്തിനായി ആരൊക്കെയാണ് അദ്ധ്വാനിക്കുന്നത്?**
- **അവരുടെ സഹായമില്ലാതെ ഭക്ഷണം നമ്മുടെ മുന്നിലെത്തുമോ?**



PY3AO

അമ്മ മറുപടി നൽകുന്നു.



കർഷകർ വിത്തുകൾ പാകുന്നു.



ചെടികൾക്ക് ജലം നനയ്ക്കുന്നു.



തക്കാളി വിളവെടുക്കുന്നു.



അവ നാം വാങ്ങി പാകം ചെയ്ത് കഴിക്കുന്നു.



അവയെ ചന്തയിലേക്ക് അയക്കുന്നു.

1. താഴെ പറയുന്ന സംഭവങ്ങൾ നടന്നില്ലെങ്കിൽ, എന്ത് സംഭവിക്കും? ചർച്ച ചെയ്യുക.

- മഴ പെയ്തില്ലെങ്കിൽ
- അമിതമായി മഴ പെയ്താൽ
- ആരും പച്ചക്കറികൾ വാങ്ങിയില്ലെങ്കിൽ

2. ഈ ഘട്ടങ്ങൾ അഭിനയിച്ച് കാണിക്കുക.



ഭക്ഷണത്തിന്റെ വില മനസ്സിലാക്കി, അത് പാഴാക്കാതിരിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.



ചെയ്ത് പഠിക്കാം

OV2BB

1. നിങ്ങൾ കഴിക്കുന്ന ഭക്ഷണം നിങ്ങൾക്ക് ലഭിക്കാൻ ആരൊക്കെയാണ് സഹായിക്കുന്നത്? എഴുതുക.

(കടക്കാരൻ · പച്ചക്കറി വിൽക്കുന്നയാൾ · മാതാപിതാക്കൾ · കർഷകൻ)



1 _____



2 _____



3 _____



4 _____

2. നിങ്ങളുടെ പാത്രത്തിൽ ഭക്ഷണം എത്താൻ സഹായിച്ച ഒരാൾക്കായി ഒരു കടലാസിൽ ഒരു നന്ദി കാർഡ് തയ്യാറാക്കുക.

മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന ഭക്ഷണങ്ങൾ

മത്സ്യം, പാൽ, ഇറച്ചി, മുട്ട, തേൻ എന്നിവ നമുക്ക് മൃഗങ്ങളിൽ നിന്നാണ് ലഭിക്കുന്നത്.

പാലും പാൽ ഉൽപ്പന്നങ്ങളും

പശു, എരുമ, ആട് എന്നിവയുടെ പാൽ നാം ഉപയോഗിക്കുന്നു.



ചെയ്ത് നോക്കാം

ക്ലാസ് മുറിയിൽ പാൽ ഉറയൊഴിച്ച് വെയ്ക്കുക.

1. പാൽ തിളപ്പിക്കുക.



2. പാൽ ഇളം ചൂടോടെ ഇരിക്കുമ്പോൾ ഒരു ടീസ്പൂൺ തൈര് ചേർത്ത് പതുക്കെ ഇളക്കുക.



3. അത്, കുറച്ച് മണിക്കൂർ അനക്കാതെ വെക്കുക.



4. തൈര് തയ്യാർ!



പാൽ തൈരായി മാറാൻ എത്ര സമയമെടുത്തു? ബബബബ _____



പ്രവർത്തന സമയം



പാട്ട് ആംഗ്യങ്ങളോടെ പാടുക.

പാൽ പാൽ പാത്രത്തിൽ പാൽ,
പാകത്തിൽ തിളയ്ക്കും ചൂടുപാൽ!
ഇത്തിരി തൈരതിൽ ചേർത്തീടാം,
രുചിയേറും തൈരായ് മാറ്റീടാം!
കറക്കിക്കറക്കി കടഞ്ഞീടാം,
സ്വാദേറും വെണ്ണയെടുത്തീടാം!
മെല്ലെ നന്നായ് കാച്ചീടാം,
പൊന്നിൻ നിറമുള്ള നെയ്യുണ്ടാക്കാം!









പനീർ, തൈര്, മോര്, വെണ്ണ, നെയ്യ് എന്നിവ പാലിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നങ്ങളാണ്.

പാലിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നങ്ങളുടെ പേരുകൾ എഴുതുക.



ചെയ്ത് പഠിക്കാം

നെയ്യ് തയ്യാറാക്കുന്നതിനുള്ള ഘട്ടങ്ങൾ ശരിയായ ക്രമത്തിൽ അടയാളപ്പെടുത്തുക



മുട്ടകൾ

നാം ഏതെല്ലാം പക്ഷികളുടെ മുട്ടകളാണ് ഭക്ഷണമായി കഴിക്കുന്നത്?



കോഴി താറാവ് അരയന്നം

വേറെയേതെങ്കിലും ഉണ്ടോ? _____, _____

കോഴിയാണോ? മുട്ടയാണോ? കടങ്കഥ



ചെയ്ത് നോക്കാം

മുട്ട പുതിയതാണോ പഴയതാണോ? വരൂ, നമുക്ക് കണ്ടുപിടിക്കാം!



ഏറ്റവും പുതിയ മുട്ട വെള്ളത്തിൽ മുങ്ങി അടിഭാഗത്ത് കിടക്കുന്ന അവസ്ഥയിലായിരിക്കും.



അല്പം പഴയ മുട്ട വെള്ളത്തിൽ മുങ്ങും, എന്നാൽ കുത്തനെ നിൽക്കും.



പഴയ മുട്ട വെള്ളത്തിൽ പൊങ്ങിക്കിടക്കും.

മത്സ്യം, ഇറച്ചി

സാധാരണയായി കഴിക്കുന്ന പുഴ, കടൽ വിഭവങ്ങൾ

പുഴ		പുഴ, കടൽ		കടൽ	
					
അയിര മീൻ	തിലാപ്പിയ മീൻ	കൂരി മീൻ	ഞണ്ട്	ഇറാൽ	ചാള മീൻ



ചെയ്ത് പഠിക്കാം

1. നിങ്ങളുടെ പ്രദേശത്തെ മീൻ ചന്തയിൽ കാണുന്ന മത്സ്യങ്ങളുടെ പേരുകൾ എഴുതുക.

_____, _____, _____, _____

2. നാം ഏതെല്ലാം മൃഗങ്ങളുടെ ഇറച്ചിയാണ് കഴിക്കുന്നത്? കണ്ടു പിടിക്കുക.

_____, _____, _____, _____

3. ചിത്രങ്ങൾ നോക്കി, മൃഗങ്ങളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ പേരുകൾ എഴുതുക.

പാൽ	മുട്ടകൾ	മാംസം	കടൽ വിഭവങ്ങൾ	തേൻ
				
1. എരുമ	1. അരയന്നം	1. ചെമ്മരിയാട്	1. മത്സ്യം	1.
2.	2.	2.	2.	
3.	3.	3.	3.	

ആരോഗ്യകരമായ ഭക്ഷണ തിരഞ്ഞെടുപ്പുകൾ

നിരീക്ഷിച്ച് ചർച്ച ചെയ്യാം

VO5AI







അധ്യാപക കുറിപ്പ്

ഈ ചിത്രകഥ വായിച്ച് കുട്ടികളുമായി ചർച്ച ചെയ്യുക.


അവ ഭക്ഷണത്തിൽ ചേർക്കുന്ന അധിക പദാർത്ഥങ്ങളാണ്. ഇവ നമ്മുടെ ശരീരത്തിന് നല്ലതല്ല.
അങ്ങനെയാണോ! എനിക്കിത് അറിയില്ലായിരുന്നു


നാവേ, ഇത്തരം അധിക പദാർത്ഥങ്ങൾ ചേർത്ത ഭക്ഷണങ്ങൾ ദഹിപ്പിക്കാൻ എനിക്ക് വളരെ ബുദ്ധിമുട്ടാണ്.
എന്നോട് ക്ഷമിക്കൂ! ഞാൻ രുചിയുടെ കാര്യം മാത്രമേ ചിന്തിച്ചുള്ളൂ.


പുതിയ പഴങ്ങളും പോഷകസമൃദ്ധമായ ലഘുഭക്ഷണങ്ങളും തിരഞ്ഞെടുത്ത് വയറിനെ സന്തോഷിപ്പിക്കൂ.
വിശക്കുമ്പോൾ ഭക്ഷണം കഴിക്കുക, ആവശ്യത്തിന് വെള്ളം കുടിക്കുക.


ശരി... ശരി... എന്നെ വല്ലപ്പോഴും മാത്രം കഴിക്കുക, അല്ലെങ്കിൽ തീരെ കഴിക്കാതിരിക്കുക!
ഉം.. ഉം.. എനിക്ക് മന സ്സിലാകുന്നുണ്ട്.

പ്രവർത്തന സമയം

ഭക്ഷണ ചക്രം



കുട്ടികളെക്കൊണ്ട് ഈ ഭക്ഷണ ചക്രം കറക്കിയ ശേഷം, അതിൽ വരുന്ന ഭക്ഷണപദാർത്ഥങ്ങളെ തരംതിരിക്കാൻ ആവശ്യപ്പെടുക

ചെയ്ത് പഠിക്കാം

ഭക്ഷണപദാർത്ഥങ്ങളെ അനുയോജ്യമായ വൃത്തത്തിൽ എഴുതുക.

മനുഷ്യർക്കുള്ള ഭക്ഷണ ട്രാഫിക് സിഗ്നൽ





പോഷകസമൃദ്ധമായ ലഘുഭക്ഷണങ്ങൾ

പോഷകസമൃദ്ധമായ ഭക്ഷണം രുചികരമായിരിക്കുമോ?

നിരീക്ഷിച്ച് ചർച്ച ചെയ്യാം



പോഷകസമൃദ്ധമായ ചേരുവകൾ ഉപയോഗിച്ച് വീട്ടിൽ തയ്യാറാക്കുന്ന ലഘുഭക്ഷണങ്ങൾ രുചികരവും ആരോഗ്യകരവും ആയിരിക്കും.

പ്രവർത്തന സമയം

ZG1IV



1 ചെറുപയർ 3 മുതൽ 4 മണിക്കൂർ വരെ വെള്ളത്തിൽ കുതിർക്കാൻ വെക്കുക.



2 വെള്ളം അരിച്ചുകളയുക.



3 ചെറുപയർ ഒരു കോട്ടൺ തുണിയിൽ കെട്ടി ഒരു രാത്രി മുഴുവൻ വെക്കുക.



4 പിറ്റേദിവസം അത് മുളയ്ക്കാൻ തുടങ്ങും.



5 മുളപ്പിച്ച ചെറുപയർ.

അധ്യാപക കുറിപ്പ്

ചെറുപയർ മുളപ്പിക്കുന്നതിനും, പച്ചക്കറി/പഴങ്ങൾ കൊണ്ടുള്ള മിശ്രിതം (സാലഡ്) തയ്യാറാക്കി ക്ലാസ് മുറിയിൽ പങ്കുവെക്കുന്നതിനും കുട്ടികളെ സഹായിക്കുക.

നിരീക്ഷിച്ച് ചർച്ച ചെയ്യാം



ചെയ്ത് പഠിക്കാം

EI2JZ

1. വരകൾ വരച്ച്, ചേരുവകളെ ശരിയായ ലഘുഭക്ഷണങ്ങളുമായി യോജിപ്പിക്കുക.


ക്യാരറ്റ്


കടല മിഠായി


വാഴപ്പഴം


ആപ്പിൾ


ചുണ്ടൽ


വെള്ളരിക്ക


മുളക്, തേങ്ങ


പഴങ്ങളുടെ മിശ്രിതം


നിലക്കടല


ശർക്കര


ക്യാരറ്റ് വെള്ളരിക്ക മിശ്രിതം


വെള്ള ചുണ്ടൽകടല

2. ശ്രമിച്ചു നോക്കൂ.

പാകം ചെയ്യാതെ തന്നെ ഒരു പ്രധാന ഭക്ഷണസാധനം ഉപയോഗിച്ച് പലതരം ലഘുഭക്ഷണങ്ങൾ ഉണ്ടാക്കാം.



പൊരി + ചിരകിയ തേങ്ങ + അരിഞ്ഞ പച്ചക്കറികൾ → പൊരി തേങ്ങാ മിശ്രിതം



പൊരി + ശർക്കരപ്പാനി + ചിരകിയ തേങ്ങ + പലതരം അണ്ടിപ്പരിപ്പുകൾ → മധുരമുള്ള പൊരി മിശ്രിതം

ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ



നിരീക്ഷിച്ച് ചർച്ച ചെയ്യാം

1. രണ്ട് ചിത്രങ്ങളിലുമുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.

ഏത് ചിത്രമാണ് ആരോഗ്യകരമായ ഭക്ഷണശീലങ്ങളെ കാണിക്കുന്നത്? എന്തുകൊണ്ട്?





ആരോഗ്യകരമായ ഭക്ഷണശീലങ്ങളെ തങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്താൻ കുട്ടികളെ സഹായിക്കുക.

⭐ ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ മാറ്റങ്ങൾ ഉണ്ടാക്കുമോ?

2. കഥ വായിച്ച് ചർച്ച ചെയ്യുക.

മാൻ സൂര്യനെ നോക്കി. ഭക്ഷണം കഴിക്കാനുള്ള സമയമായി എന്ന് പറഞ്ഞു.



മുയൽ വേഗത്തിൽ ഭക്ഷണം കഴിച്ചു. രുചിച്ച് കഴിക്കാതെ പാത്രത്തിലുള്ള ഭക്ഷണം ഒരുപാട് പാഴാക്കി.



അണ്ണാൻ, കഴിക്കാൻ ഭക്ഷണമില്ലാതിരുന്ന പക്ഷിയുമായി അണ്ടിപ്പരിപ്പുകൾ പങ്കിട്ടു.



ആമ ഓരോ വായ ഭക്ഷണവും പതുക്കെ നന്നായി രുചിച്ച് കഴിച്ചു. നന്നായി ചവച്ചു കഴിച്ചാൽ ഭക്ഷണത്തിന് കൂടുതൽ രുചിയുണ്ടാകുമെന്ന് അത് പറഞ്ഞു.



മാൻ മൊബൈൽ ഫോണിൽ നോക്കിക്കൊണ്ട് ഉച്ചഭക്ഷണം കഴിച്ചു.



എല്ലാവരും സന്തോഷത്തോടെ ഭക്ഷണം കഴിച്ചു.



അണ്ണാൻ മാനിനെ നോക്കി പറഞ്ഞു: മൊബൈൽ ഫോൺ മാറ്റിവെക്കൂ. ഒരുമിച്ചിരുന്ന് കഴിക്കുന്നത് സന്തോഷകരമായിരിക്കും.

അധ്യാപക കുറിപ്പ്

കുട്ടികളെ അവരുടെ ഭക്ഷണശീലങ്ങളുമായി ഈ കഥയെ ബന്ധപ്പെടുത്താൻ സഹായിക്കുക.



പഠനയാത്ര

1. താഴെ പറയുന്നവയിൽ ഏതാണ് അരി കൊ് തയ്യാറാക്കിയത്?


ഇഡ്ഡലി


പൂരി

2. വെണ്ണ ഉരുക്കിയാൽ നമുക്ക് എന്ത് ലഭിക്കും?

അ) 
നെയ്യ്

ആ) 
പനീർ

ഇ) 
മോര്

ഈ) 
തൈര്

3. മൃഗങ്ങളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണം ഏതാണ്?

അ) 
അരി

ആ) 
ഇറച്ചി

ഇ) 
പരിപ്പ്

ഈ) 
കൂവരക്

4. കേക്ക് വളരെ അപൂർവ്വമായി മാത്രം കഴിക്കുകയോ അല്ലെങ്കിൽ ഒഴിവാക്കുകയോ ചെയ്യണം. കാരണം അതിൽ _____ അടങ്ങിയിരിക്കുന്നു.

അ) കൃത്രിമ പദാർത്ഥങ്ങൾ ആ) പാൽ ഇ) നെയ്യ് ഈ) പരിപ്പ്

5. ഘട്ടങ്ങൾ ക്രമീകരിക്കുക.







6. വായ്മൊഴി ചോദ്യം:
ഭക്ഷണം പാഴാക്കുന്നത് നിങ്ങൾക്ക് എങ്ങനെ ഒഴിവാക്കാം?



ഞാൻ പഠിച്ചവ

- എനിക്ക് വിവിധ ഭക്ഷണങ്ങളിലെ പ്രധാന ചേരുവകൾ തിരിച്ചറിയാൻ കഴിയും.
- എനിക്ക് സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും ലഭിക്കുന്ന ഭക്ഷണങ്ങളെ വേർതിരിച്ചറിയാൻ കഴിയും.
- എനിക്ക് പാടം മുതൽ പാത്രം വരെ നമ്മുടെ ഭക്ഷണത്തിന്റെ യാത്രയും അതിന് സഹായിച്ചവരെക്കുറിച്ചും വിവരിക്കാൻ കഴിയും.
- എനിക്ക് കൃത്രിമ പദാർത്ഥങ്ങൾ ചേർത്ത ഭക്ഷണങ്ങൾ തിരിച്ചറിയാൻ കഴിയും.
- എനിക്ക് പോഷകസമൃദ്ധമായ ഭക്ഷണം തിരഞ്ഞെടുക്കാനും ഭക്ഷണം പാഴാക്കാതിരിക്കാനും കഴിയും.

ഞാൻ ചെയ്യും

FS5SS

1. നെയ്യ് ഏതിൽ നിന്നാണ് തയ്യാറാക്കുന്നത്? (✓) അടയാളപ്പെടുത്തുക.

അ)  ◯ വെണ്ണ

ആ)  ◯ പനീർ

2. സസ്യങ്ങളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണങ്ങൾക്ക് പച്ച നിറവും മൃഗങ്ങളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണങ്ങൾക്ക് ചുവപ്പ് നിറവും നൽകുക.

◯ മീൻ കറി	◯ വേവിച്ച മുട്ട	◯ മാമ്പഴ ജ്യൂസ്
◯ ലെമൻ റൈസ്	◯ തക്കാളി സൂപ്പ്	◯ ഇഡ്ഡലി
◯ ഇറാൽ വറുത്തത്	◯ ചിക്കൻ ബിരിയാണി	◯ സാമ്പാർ ചോറ്

3. പ്രിയ വീട്ടിൽ പോഷകസമൃദ്ധമായ ലഘുഭക്ഷണം കഴിക്കാൻ ആഗ്രഹിക്കുന്നു. അവൾ തിരഞ്ഞെടുക്കേതിന് (✓) അടയാളപ്പെടുത്തുക.

അ)  ◯ വറുത്ത പലഹാരം

ആ)  ◯ സമൂസ

ഇ)  ◯ മുളപ്പിച്ച ചെറുപയറും പച്ചക്കറിയും ചേർത്ത മിശ്രിതം

ഈ)  ◯ കേക്ക്

4.  **തയ്യാറാക്കാൻ ഉപയോഗിക്കുന്ന ചേരുവകൾക്ക് (✓) അടയാളപ്പെടുത്തുക.**

അ) റാഗി (മുത്താറി) ◯

ആ) ശർക്കര ◯

ഇ) നിലക്കടല ◯

ഈ) ഗോതമ്പ് ◯

5. മീന ആരോഗ്യകരമായ ഭക്ഷണശീലം പിന്തുടരാൻ ആഗ്രഹിക്കുന്നു. അവൾ ചെയ്യേതിന് ചിത്രത്തിന് നേരെ (✓) അടയാളപ്പെടുത്തുക.

അ) 

ടെലിവിഷൻ കണ്ടുകൊണ്ട് കഴിക്കുന്നത്

ആ) 

മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് കഴിക്കുന്നത്

ഇ) 

വേഗത്തിൽ കഴിക്കുന്നത്

ഈ) 

പതുക്കെ നന്നായി ചവച്ച് കഴിക്കുന്നത്

6. വായ്മൊഴി ചോദ്യങ്ങൾ

അ. സസ്യങ്ങളിൽ നിന്നോ / മൃഗങ്ങളിൽ നിന്നോ ലഭിക്കുന്ന ഭക്ഷണങ്ങളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഏതാണ്?

ആ. ഭക്ഷണത്തിന്റെ യാത്രയിലുള്ള ഘട്ടങ്ങൾ പങ്കുവെക്കുക.

7. പ്രോജക്റ്റ്

എന്റെ ആരോഗ്യകരമായ ഭക്ഷണ വാരം

കുറിപ്പ്: മൂന്ന് ദിവസങ്ങളിലേക്ക് നിങ്ങൾ കഴിച്ച ഭക്ഷണവിഭവങ്ങളെ വ്യത്യസ്ത ഭക്ഷണ ഗ്രൂപ്പുകളിലായി എഴുതുക.

ദിവസം	സ്ഥിരമായി കഴിക്കുന്ന ഭക്ഷണം	വല്ലപ്പോഴും കഴിക്കുന്ന ഭക്ഷണം	വളരെ അപൂർവ്വമായി കഴിക്കുന്ന / ഒഴിവാക്കേ ഭക്ഷണം
ദിവസം-1			
ദിവസം-2			
ദിവസം-3			

ഈ ആഴ്ചയിൽ നിങ്ങൾ ഏറ്റവും ആസ്വദിച്ചു കഴിച്ച പോഷകസമൃദ്ധമായ ഭക്ഷണം ഏതാണ്?

മികവോടെ പ്രവർത്തിക്കൂ! വ്യക്തമായി ചിന്തിക്കൂ!

നാൾതോറും കുട്ടികളുടെ ശ്രദ്ധാകേന്ദ്രീകരണത്തിനും ഏകോപനത്തിനുമായി ആഴ്ചയിൽ ഒരു പരിശീലനം വീതം അഞ്ച് മിനിറ്റ് ചെയ്യാൻ അനുവദിക്കണം.

1





നടുവിലുള്ള രണ്ട് പുള്ളികളിൽ നിന്ന് തുടങ്ങുക. ഓരോ കയ്യിലും ഒരു പെൻസിൽ പിടിക്കുക. വലതു കൈ താഴേക്കും ഇടതു കൈ മുകളിലേക്കും ഒരേസമയം ചലിപ്പിച്ച് വട്ടങ്ങൾ വരയ്ക്കുക. എല്ലാ പുള്ളികളും യോജിക്കുന്നത് വരെ ഓരോ ജോഡി പുള്ളികളോടും കൂടി ഇത് തുടരുക.

2







രണ്ട് കൈകളും ഉപയോഗിച്ച് ഒരേ രൂപത്തിന്റെ എതിർവശങ്ങൾ ഒരേ സമയം വരയ്ക്കുക. ഇടതു കൈ താഴേക്കും വലതു കൈ മുകളിലേക്കും ഒരേസമയം ചലിപ്പിക്കുക.

3







നിങ്ങളുടെ വിരലുകൾ മടക്കുക. രണ്ട് കെത്തണ്ടകളും രണ്ട് തവണ ഒരുമിച്ച് തട്ടുക. ബോർഡിലെ സംഖ്യകൾക്ക് അനുയോജ്യമായ എണ്ണത്തിലുള്ള വിരലുകൾ രണ്ട് കൈകളിലും ഒരേ സമയം തുറക്കുക. എല്ലാ സംഖ്യാ ജോഡികളുമായും ഇത് തുടരുക.

4







പച്ച നിറത്തിലുള്ള വട്ടങ്ങളിൽ കൈകൾ മൂടി വെക്കുക. പർപ്പിൾ നിറത്തിലുള്ള കൈപ്പത്തി പതിപ്പുകളിൽ രണ്ട് കൈകളും യോജിപ്പിക്കുക. ഓറഞ്ച് നിറത്തിലുള്ള പട്ടകളിൽ രണ്ട് കൈകളും വശങ്ങളിലായി വയ്ക്കുക. പിന്നീട് കൈകൾ മൂടി വീണ്ടും പച്ച നിറത്തിലുള്ള വട്ടങ്ങളിലേക്ക് മടങ്ങുക. ഇത് വീണ്ടും ചെയ്യുക.

പഠനയാത്ര

ആരോഗ്യകരമായ ഭക്ഷണ തിരഞ്ഞെടുപ്പുകളും ഭക്ഷണശീലങ്ങളും പ്രകടിപ്പിക്കുന്നതോടൊപ്പം, ഭക്ഷണം പാഴാക്കുന്നത് ഒഴിവാക്കൽ.

വിവിധ ഭക്ഷണങ്ങൾ വ്യത്യസ്ത ചേരുവകൾ കൊണ്ടാണ് തയ്യാറാക്കുന്നത് എന്ന് തിരിച്ചറിയുന്നതോടൊപ്പം, പാടത്തുനിന്ന് തളികയിലേക്ക് ഭക്ഷണം എത്തിച്ചേരുന്ന യാത്ര വിവരിക്കൽ.

സാധാരണ ഭക്ഷണവിഭാഗങ്ങളെ അവയുടെ ഉറവിടങ്ങൾ (സസ്യങ്ങൾ, മൃഗങ്ങൾ), ഭക്ഷണരീതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കൽ

ദൈനംദിന ജീവിതത്തിൽ ഇലകളുടെയും പൊതുവായ സസ്യവസ്തുക്കളുടെയും ഉപയോഗങ്ങൾ തിരിച്ചറിയുന്നതോടൊപ്പം, സസ്യങ്ങളെ പരിപാലിക്കുന്നതിൽ താല്പര്യവും ഉത്തരവാദിത്തവും പ്രകടിപ്പിക്കൽ.

സസ്യങ്ങളെ അവയുടെ നിരീക്ഷിക്കാവുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ ചെറിയ ചെടികൾ, കുറ്റിച്ചെടികൾ, മരങ്ങൾ, വള്ളിച്ചെടികൾ, പടർപ്പൻ ചെടികൾ എന്നിങ്ങനെ തരംതിരിക്കൽ.

സസ്യങ്ങൾ വിത്തുകളിൽ നിന്നും മറ്റ് സസ്യഭാഗങ്ങളിൽ നിന്നുമാണ് വളരുന്നത് എന്ന് തിരിച്ചറിയൽ.



Standard 2 - Mathematics - Term - II Malayalam Medium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

Deepu V,
Sec. Gr.Teacher,
P.U.P.S Pandalur, Gudalur Block,
The Nilgris.

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

Sreeja V.R.,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084.

Art and Design Team

M. Amalraj,
Layout Co-ordinator,
B.T. Asst., SCERT, Chennai.

V. S. Johnsmith, Designer
Praveen S, Designer

Illustration

S. Thiyagarajan,
Drawing Teacher,
Don Bosco Higher Secondary School,
Perambur, Chennai-11.

S. Ramesh Kumar, BFA,
Adiyakkamangalam, Thiruvarur District.

Wrapper Design

Kathir Arumugam

Standard 2 - Environmental Science - Term - II Malayalam Medium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

Sreeja V.R.,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084.

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

Deepu V,
Sec. Gr.Teacher,
P.U.P.S Pandalur, Gudalur Block,
The Nilgris.

Art and Design Team

M. Amalraj,
Layout Co-ordinator,
B.T. Asst., SCERT, Chennai.

Praveen S, Designer

Illustration

S. Ramesh Kumar, BFA,
R. Rajesh

Wrapper Design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.
Printed by offset at: